"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

പൊതു വിദ്യാഭ്യാസ വകുപ്പ് - പാലക്കാട്, കുലിക്കിലിയാട് എസ്.വി.എ. എൽ.പി സ്കൂളിലെ ലോവർ പ്രൈമറി സ്കൂൾ അദ്ധ്യാപിക ശ്രീമതി.ശ്യാമ ശശി. എം.വി. യുടെ നിയമനം അംഗീകരിക്കുന്നതിനായി ടി സ്കൂൾ മാനേജർ സർക്കാരിൽ സമർ പ്പിച്ച പുന:പരിശോധന ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്

സ.ഉ.(സാധാ) നം.1525/2025/GEDN തീയതി,തിരുവനന്തപുരം, 22-02-2025

പരാമർശം:-
1. പാലക്കാട്, കുലിക്കിലിയാട് എസ്.വി.എ. എൽ.പി സ്കൂൾ മാനേജർ സർക്കാരിൽ സമർപ്പിച്ച 17/10/2024 തീയതിയിലെ പുന പരിശോധനാ ഹർജി
2. ചെറുപ്ലശ്ശേരി ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 06/01/2025 തീയതിയിലെ AEOCPL/1053/2024-D നമ്പർ കത്ത്.
3. മണ്ണാർക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 09/01/2025 തീയതിയിലെ DEOMKD/1895/2024-B1 നമ്പർ കത്ത്.
4. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 09/01/2025 തീയതിയിലെ ഡിജിഇ/25105/2024-ജി1നമ്പർ കത്ത്.

ഉത്തരവ്

പാലക്കാട്, കുലിക്കിലിയാട് എസ്.വി.എ. എൽ.പി സ്കൂളിലെ ലോവർ പ്രൈമറി സ്കൂൾ അദ്ധ്യാപിക ശ്രീമതി. ശ്യാമ ശശി. എം. വി. യുടെ നിയമനം നിരസിച്ചതിനെതിരെ ടി സ്കൂൾ കോർപ്പറേറ്റ് മാനേജർ സർക്കാരിൽ സമർപ്പിച്ച പരാമർശം 1 പുന:പരിശോധനാ ഹർജിയിന്മേൽ തീരുമാനമെടുക്കുന്നതിനായി ഹർജിക്കാരനെയും ബന്ധപ്പെട്ട കക്ഷികളെയും 9.1.2025-ൽ ഗ്രഗിൾ മീറ്റ് മുഖാന്തിരം കേട്ടു.

2. ഹർജിക്കാരന്റെ വാദങ്ങൾ ചുവടെ കൊടുക്കുന്നു.

കുലിക്കിലിയാട് എസ്.വി.എ. എൽ.പി സ്കൂളിൽ 2019-20 വർഷം അനുവദിച്ച അധിക തസ്തികയിൽ 1.6.2023 മുതൽ നിയമിക്കപ്പെട്ട ശ്രീമതി. എം.വി ശ്യാമ ശശിയുടെ നിയമനം ചെർപ്പുളശ്ശേരി എ.ഇ.ഒ നിരസിച്ചു. ഇതിനെതിരെ നൽകിയ അപ്പീൽ മണ്ണാർക്കാട് ഡി.ഇ.ഒ നിരസിച്ചതിനാൽ ഡി.ജി.ഇ-ക്ക് റിവിഷൻ അപ്പീൽ നൽകി. ഇത് ഡി.ജി.ഇ അനുവദിച്ചു. ഇതനുസരിച്ച് പ്രൊപ്പോസൽ ചെർപ്പുളശ്ശേരി എ.ഇ.ഒ-ക്ക് പുനഃസമർപ്പിച്ചു. എന്നാൽ ദിവസ വേതന അടിസ്ഥാനത്തിലാണ് ചെർപ്പുളശ്ശേരി എ.ഇ.ഒ നിയമനം അംഗീകരിച്ചത്.

ശ്രീമതി.എം.വി.ശ്യാമ ശശിയെ നിയമിച്ചത് 2019-20-ലെ അധിക തസ്തികയിലാണ്.

8.11.2021-ന് മുമ്പുള്ള ഒഴിവുകളിൽ നിയമിക്കപ്പെട്ടവരുടെ നിയമനം (നിയമനം 8.11.2021-ന് ശേഷമായിരുന്നാലും) ഭിന്നശേഷി നിയമനം നടത്തുന്നതുവരെ ശമ്പള സ്കെയിലിൽ താൽക്കാലികമായി അംഗീകരിക്കാം എന്ന് സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. (സർക്കാർ കത്ത് നമ്പർ ജെ.ആർ1/502/2023/പൊ.വി.വ തീയതി 1.11.2023, 6.5.2024). ഇതിന്റെ വെളിച്ചത്തിൽ ശ്രീമതി.എം.വി.ശ്യാമ ശശിയുടെ നിയമനം 1.6.2023 മുതൽ താൽക്കാലികമായി ശമ്പള സ്കെയിലിൽ അനുവദിക്കുന്നതിനുള്ള ഉത്തരവ് നൽകുവാൻ അപേക്ഷിക്കുന്നു.

3. വിദ്യാഭ്യാസ അധികാരികളുടെ സമാനമായ റിപ്പോർട്ട് ചുവടെ ചേർക്കും പ്രകാരമാണ്.

കുലിക്കിലിയാട് എസ്.വി.എ. എൽ.പി.എസ് ൽ 2023-24-ലെ പ്രതീക്ഷിത അധിക തസ്തികയിൽ 1.6.2023 മുതൽ ശ്രീമതി.ശ്യാമ ശശി.എം.വി യെ നിയമിച്ച് മാനേജർ നിയനാംഗീകാര പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. പ്രസ്തുത നിയമനം ഈ കാര്യാലയത്തിലെ 19.7.2023-ലെ ഡി/46307/2023 ഉത്തരവ് പ്രകാരം താഴെ പറയുന്ന കാരണങ്ങളാൽ നിരസിച്ചിരുന്നു.

1.2023-24-ലെ തസ്തിക നിർണ്ണയം പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ അധിക തസ്തിക ലഭ്യമാണോ എന്ന് അറിയുകയുള്ളൂ.

2. അധിക തസ്തികയിലേക്ക് 1:1 പ്രകാരം സംരക്ഷിതാദ്ധ്യാപകരെയാണ് നിയമിക്കേണ്ടത്.

3. നിയമന ഉത്തരവ്, സി.എസ് സ്റ്റേറ്റ്മെന്റ്, ജോയിനിംഗ് റിപ്പോർട്ട് എന്നിവ പൂർണ്ണമല്ല.

4. സ്വഭാവ സർട്ടിഫിക്കറ്റ്, ഫിറ്റ്നസ് സർട്ടിഫിക്കറ്റ്, നിയമന തീയതിയിലെ സ്റ്റാഫ് ലിസ്റ്റ് എന്നിവ സമർപ്പിച്ചിട്ടില്ല.

ആയതിനെതിരെ മാനേജർ മണ്ണാർക്കാട് ജില്ല വിദ്യാഭ്യാസ ഓഫീസർക്ക് അപ്പീൽ നൽകുകയും 21.11.2023-ലെ ബി1/201446/2023 നമ്പർ ഉത്തരവ് പ്രകാരം ഉപജില്ല വിദ്യാഭ്യാസ ഓഫീസർ നിരസിച്ച കാരണങ്ങളാലും കൂടാതെ താഴെ പറയുന്ന കാരണങ്ങളാലും അപ്പീൽ നിരസിച്ച് ഉത്തരവാകുകയും ചെയ്തിരുന്നു.

അപ്പീൽ അപേക്ഷ പ്രകാരം ടി സ്കൂളിൽ 2019-20 -ൽ അനുവദിച്ച അധിക തസ്തികയിലേക്കാണ് മാനേജർ 1.6.2023 മുതൽ ശ്രീമതി. ശ്യാമ ശശിയെ നിയമിച്ചിട്ടുള്ളത്. എന്നാൽ നിയമന ഉത്തരവിൽ 2029-20 ലെ അധിക തസ്തികയിലാണ് നിയമനം എന്ന് രേഖപ്പെടുത്തിയിട്ടില്ല.

ആയതിനെതിരെ പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (അക്കാദമിക്) ക്ക് മാനേജർ റിവിഷൻ അപ്പീൽ നൽകുകയും ആയത് 3.7.2024-ലെ ജി1/241458/2024 നമ്പർ ഉത്തരവ് പ്രകാരം 23.1.2023-ലെ ജെ.ആർ 02/2023/പൊ.വി.വ, 24.3.2023-ലെ സ.ഉ.കൈ.29/23/GEDN ഉത്തരവ്, 31.3.2023-ലെ എച്ച്2/295299/2022/ഡി.ജി.ഇ നമ്പർ സർക്കുലർ, 1.11.2023-ലെ ജെ.ആർ.1/502/2023/പൊ.വി.വ എന്നിവയിലെ വ്യവസ്ഥകൾ പാലിച്ച് മറ്റു വിധത്തിൽ ക്രമപ്രകാരമെങ്കിൽ ടി നിയമനം സംബന്ധിച്ച് തീരുമാനം എടുക്കാൻ ജില്ല വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകി അപ്പീൽ തീർപ്പായിരുന്നു.

ആയതിന്റെ അടിസ്ഥാനത്തിൽ ശ്രീമതി.ശ്യാമ ശശി എം.വി യുടെ നിയമനം പുനഃപരിശോധിച്ചു. എസ്.വി.എ.എൽ.പി കുലിക്കിലിയാട് ൽ ഭിന്നശേഷി നിയമനം

പാലിച്ചിട്ടില്ല.

ഈ സാഹചര്യത്തിൽ 31.3.2023-ലെ എച്ച്2/295299/22/ഡി.ജി.ഇ നമ്പർ സർക്കുലറിലെ നിർദ്ദേശം 3 പ്രകാരം 18.11.2018 മുതൽ 8.11.2021 വരെയുള്ള നിയമനങ്ങൾ താൽക്കാലികമായി ശമ്പള നിരക്കിലും 8.11.2021-ന് ശേഷമുള്ളവ ദിവസവേതനാടിസ്ഥാനത്തിലും മറ്റുവിധത്തിൽ ക്രമപ്രകാരമെങ്കിൽ അംഗീകാരം നൽകാവുന്നതാണ്, എന്നതിന്റെ അടിസ്ഥാനത്തിൽ 12.10.2024-ലെ ഡി/758896/2024 നമ്പർ ഉത്തരവ് പ്രകാരം ശ്രീമതി.ശ്യാമ ശശി എം.വി യുടെ എൽ.പി.എസ്.ടി തസ്തികയിലുള്ള നിയമനം ഉപജില്ല വിദ്യാഭ്യാസ ഓഫീസർ ദിവസവേതനാടിസ്ഥാനത്തിൽ അംഗീകരിച്ച് നൽകി.

30.11.2024-ലെ ഡി.ജി.ഇ/15133/2023(1)-എച്ച്2/പാർട്ട് (1) സർക്കുലറിലെ നിർദ്ദേശം 3 പ്രകാരം "എയ്ഡഡ് സ്കൂളുകളിലെ 8.11.2021-ന് ശേഷമുള്ള മറ്റ് നിയമനങ്ങൾ ദിവസ വേതന അടിസ്ഥാനത്തിൽ മാത്രമേ നടത്താൻ പാടുള്ളൂ" എന്ന് വ്യക്തമാക്കിയിരുന്നു എന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

4. സർക്കാർ ഇക്കാര്യം നിലവിലുള്ള ചട്ടങ്ങൾ, സർക്കാർ ഉത്തരവുകൾ, ഹിയറിംഗ് സമയത്തെ വാദം, ലഭ്യമായ റിപ്പോർട്ടുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ പരിശോധിച്ചു. പാലക്കാട് കുലിക്കിലിയാട് എസ്.വി.എ. എൽ.പി സ്കൂളിലെ പ്രതീക്ഷിത എൽ.പി.എസ്.ടി അധിക തസ്തികയിൽ 1.6.2023 മുതൽ ശ്രീമതി.ശ്യാമ ശശി.എം.വി യെ മാനേജർ നിയമിച്ചു. അധിക തസ്തികയിൽ സംരക്ഷിതാദ്ധ്യാപകരെയാണ് നിയമിക്കേണ്ടത് എന്നതിനാൽ ടി നിയമനം ചെർപ്പുളശ്ശേരി ഉപജില്ല വിദ്യാഭ്യാസ ഓഫീസർ നിരസിച്ചു. തുടർന്ന് മണ്ണാർക്കാട് ജില്ല വിദ്യാഭ്യാസ ഓഫീസർക്ക് സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ മാനേജർ 2019-20-ൽ അനുവദിച്ച അധിക തസ്തികയിലേക്കാണ് ശ്രീമതി.ശ്യാമ ശശിയെ നിയമിച്ചിട്ടുള്ളതെന്ന് അറിയിച്ചിരുന്നു. എന്നാൽ നിയമന ഉത്തരവിൽ ഇക്കാര്യം രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ ജില്ല വിദ്യാഭ്യാസ ഓഫീസറും നിയമനം നിരസിച്ചു നല്കി. തുടർന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് സമർപ്പിച്ച അപ്പീൽ പരിഗണിച്ച് 3.7.2024-ലെ ജി1/241458/2024 നമ്പർ ഉത്തരവ് പ്രകാരം 23.1.2023-ലെ ജെ.ആർ 02/2023/പൊ.വി.വ, 24.3.2023-ലെ സ.ഉ.കൈ.29/23/GEDN ഉത്തരവ്, 31.3.2023-ലെ എച്ച്2/295299/ഡി.ജി.ഇ നമ്പർ സർക്കുലർ, 1.11.2023-ലെ ജെ.ആർ.1/502/2023/പൊ.വി.വ എന്നിവയിലെ വ്യവസ്ഥകൾ പാലിച്ച് മറ്റു വിധത്തിൽ ക്രമപ്രകാരമെങ്കിൽ ടി നിയമനം സംബന്ധിച്ച് തീരുമാനം എടുക്കാൻ ഉപജില്ല വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകി അപ്പീൽ തീർപ്പായിരുന്നു. എന്നാൽ 31.3.2023-ലെ എച്ച്2/295299/22/ഡി.ജി.ഇ നമ്പർ സർക്കുലറിലെ നിർദ്ദേശം 3 പ്രകാരം 18.11.2018 മുതൽ 8.11.2021 വരെയുള്ള നിയമനങ്ങൾ താൽക്കാലികമായി ശമ്പള നിരക്കിലും 8.11.2021-ന് ശേഷമുള്ളവ ദിവസവേതനാടിസ്ഥാനത്തിലും മറ്റുവിധത്തിൽ ക്രമപ്രകാരമെങ്കിൽ അംഗീകാരം നൽകാവുന്നതാണ് എന്നതിന്റെ അടിസ്ഥാനത്തിൽ 12.10.2024-ലെ ഡി/758896/2024 നമ്പർ ഉത്തരവ് പ്രകാരം ശ്രീമതി. ശ്യാമ ശശി എം.വി യുടെ എൽ.പി.എസ്.ടി തസ്തികയിലുള്ള നിയമനം ഉപജില്ല വിദ്യാഭ്യാസ ഓഫീസർ ദിവസവേതനാടിസ്ഥാനത്തിൽ അംഗീകരിച്ച് നൽകി.

മേൽ സാഹചര്യത്തിൽ 2019-20-ൽ അനുവദിച്ച അധിക തസ്തികയിലേക്കാണ്

നിയമനം എന്ന് രേഖപ്പെടുത്തിയ നിയമന ഉത്തരവ് പുനഃസമർപ്പിക്കുവാൻ സ്കൂൾ മാനേജർക്കും, ടി പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് 2019-20 ലെ അധിക തസ്തിക വ്യവസ്ഥാപിതമാണെന്നും, ടി തസ്തികയിലാണ് 1.6.2023-ൽ നിയമനം നടത്തിയിട്ടുള്ളതെന്നും ഉറപ്പു വരുത്തി, 1.11.2023-ലെ JR1/502/2023/പൊ.വി.വ സർക്കാർ കത്തിലെ വ്യവസ്ഥകൾ പ്രകാരം ഭിന്നശേഷി സംവരണം പാലിച്ച് ടി നിയമനം, നിയമന തീയതി മുതൽ താൽക്കാലികമായി ശമ്പള സ്കെയിലിൽ അംഗീകരിക്കുന്നതിന് ചെർപ്പുളശ്ശേരി ഉപജില്ല വിദ്യാഭ്യാസ ഓഫീസർക്കും നിർദ്ദേശം നൽകി ടി സ്കൂൾ മാനേജർ സർക്കാരിൽ സമർപ്പിച്ച പരാമർശം 1 പുനപരിശോധനാ ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശ്രീജ വി
അഡിഷണൽ സെക്രട്ടറി

പകർപ്പ്:-

പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, മണ്ണാർക്കാട്.
ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർ, ചെറുപ്പുളശ്ശേരി.
മാനേജർ, എസ്.വി.എ. എൽ.പി സ്കൂൾ, കുലിക്കിലിയാട്, പാലക്കാട്.
പ്രഥമാദ്ധ്യാപകൻ, എസ്.വി.എ. എൽ.പി സ്കൂൾ, കുലിക്കിലിയാട്, പാലക്കാട്.
ശ്രീമതി. ശ്യാമ ശശി എം.വി, ലോവർ പ്രൈമറി സ്കൂൾ അദ്ധ്യാപിക, എസ്.വി.എ. എൽ.പി സ്കൂൾ, കുലിക്കിലിയാട്, പാലക്കാട്.
വിവര പൊതുജന സമ്പർക്ക (വെബ്സ് & ന്യൂ മീഡിയ) വകുപ്പ് (സർക്കാർ വെബ്സ് സൈറ്റിൽ പ്രസിദ്ധീകരിയ്ക്കാൻ)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by
Shahnakumari S L
സെക്ഷൻ ഓഫീസർ
Date: 22-02-2025 15:24:43